(ബി) ഓരോ മന്ത്രിമാരും ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശിച്ചതെന്നും അവർക്ക് ഓരോരുത്തർക്കും വിദേശയാത്രയ്ക്കായി ചെലവഴിച്ച തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) മന്ത്രിമാരെ അനുഗമിച്ച ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണെന്നും അവർക്ക് ഓരോരുത്തർക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഓരോ വിദേശയാത്രകളുടെയും ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെ ആയിരുന്നു;

(ഇ) ഇതുമൂലമുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വശ്രീ ജി. കാർത്തികേയൻ, കടവൂർ ശിവദാസൻ, ബാബു ദിവാകരൻ, കെ. വി. തോമസ്, പി. കെ. കുഞ്ഞാലിക്കുട്ടി, ചെർക്കളം അബ്ദുള്ള, കെ. എം. മാണി നാലകത്ത് സൂപ്പി, ഡോ. എം. കെ. മുനീർ, എം. വി. മാഹലവൻ, പി. ശങ്കരൻ, കെ. ബി. ഗണേഷ് കുമാർ, ടി. എം. ജേക്കബ്, വക്കം പുരുഷോത്തമൻ, എ. പി. അനിൽകുമാർ, ആര്യാടൻ മുഹമ്മദ്, ഡൊമിനിക് പ്രസന്റേഷൻ, വി.കെ. ഇബ്രാഹിംകുഞ്ഞ്, കുട്ടി അഹമ്മദ് കുട്ടി, ഇ. ടി. മുഹമ്മദ് ബഷീർ, എം. എം. ഹസ്സൻ, ആർ. ബാലകൃഷ്ണപിള്ള, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. സി. വേണുഗോപാൽ, അടൂർ പ്രകാശ്, ശ്രീമതി കെ. ആർ. ഗൗരിഅമ്മ തുടങ്ങിയ മന്ത്രിമാരെ കൂടാതെ, മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും വിദേശ യാത്ര നടത്തിയിട്ടുണ്ട്.

(ബി—ഇ) വിവരം ശേഖരിച്ചു വരുന്നു.

മന്ത്രിമാരുടെ ഡൽഹി യാത്ര

23. [23] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ എത്ര തവണ ഡൽഹി യാത്ര നടത്തിയിട്ടുണ്ട്;

(ബി) മറ്റ് സംസ്ഥാനങ്ങളിലേക്ക് വിമാന യാത്ര നടത്തിയവർ ആരെല്ലാം; ഇവർ എത്ര തവണ മറ്റ് സംസ്ഥാനങ്ങൾ സന്ദർശിച്ചിട്ടുണ്ട്;

(സി) ഇതിനായി ഓരോരുത്തർക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം ഒന്നിൽ രേഖപ്പെടുത്തിയിരിക്കുന്നു.†

(ബി, സി) അനുബന്ധം 2-ൽ രേഖപ്പെടുത്തിയിരിക്കുന്നു.††

മന്ത്രിമാരുടെ വിദേശയാത്രകൾ

24. |24| ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ യാത്രകൾ നടത്തിയ മന്ത്രിമാർ ആരെല്ലാം; മുഖ്യമന്ത്രി വിദേശയാത്ര നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഓരോ മന്ത്രിയും എന്താവശ്യത്തിനുവേണ്ടിയാണ് വിദേശ രാജ്യങ്ങൾ സന്ദർശിച്ചത്, സന്ദർശിച്ച രാജ്യങ്ങൾ ഏതെല്ലാം;

(സി) മന്ത്രിമാർ വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങണം എന്ന നിബന്ധന നിലവിലുണ്ടോ;

(ഡി) വിദേശ യാത്ര നടത്തിയ മുഖ്യമന്ത്രിയും മന്ത്രിമാരും കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിട്ടുണ്ടോ;

(ഇ) ഓരോ മന്ത്രിയും വിദേശ യാത്രയ്ക്കായി ചെലവഴിച്ച തുക എത്ര എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വശ്രീ. എം. വി. രാഘവൻ, കെ. എം. മാണി, ഡോ. എം. കെ. മുനീർ, ഡൊമനിക് പ്രസന്റേഷൻ, ഇ. ടി. മുഹമ്മദ് ബഷീർ, കുട്ടി അഹമ്മദ്കുട്ടി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വക്കം പുരുഷോത്തമൻ, ആര്യാടൻ മുഹമ്മദ്, എ. പി. അനിൽകുമാർ, കെ. സി. വേണുഗോപാൽ, എൻ. ശക്തൻ, ബാബു ദിവാകരൻ, വി. കെ. ഇബ്രാഹിംകുഞ്ഞ്, അടൂർ പ്രകാശ്, ശ്രീമതി. കെ. ആർ ഗൗരിഅമ്മ തുടങ്ങിയ മന്ത്രിമാരെ കൂടാതെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും വിദേശ യാത്ര നടത്തിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) വാങ്ങിയിട്ടുണ്ട്. ശ്രീ. അടൂർപ്രകാശിന്റെ 2005 സെപ്തംബർ മാസത്തിലെ ദോഹ, ഖത്തർ, ദുബായ്, യാത്രയ്ക്കും ശ്രീ. എം. വി. രാഘവന്റെ, ജപ്പാൻ, സിംഗപ്പൂർ യാത്രകളുടെയും അനുമതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly